# G L P S ALLAMPADAM

## ACADEMIC MASTER PLAN

# പ്രാഥമിക വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ജി എൽ പി എസ് അള്ളമ്പാടം |
| സ്ഥാപിതം | : | 1940 |
| സ്കൂൾ കോഡ് | : | 21 80 2 |
| UDISE കോഡ് | : | 32060700301 |
| ജില്ല | : | പാലക്കാട് |
| ഉപജില്ല | : | മണ്ണാർക്കാട് |
| പഞ്ചായത്ത് | : | കരിമ്പ |
| ബി ആർ സി | : | മണ്ണാർക്കാട് |
| ഈമെയിൽ | : | glpsallampadam@gmail.com |
| പ്രഥമ അധ്യാപികയുടെ പേര് | : | ഷീബ എ വി |
| അധ്യാപകർ | : | വിനീതകുമാരി.സി.കെ (ക്ലാസ് -1)<br>മുഹമ്മദാലി കൊട്ടക്കാട് (arabic)<br>ഇന്ദു വി എസ് ( ക്ലാസ് 3 )<br>ശ്രീപ്രഭ എസ് ( ക്ലാസ് 4)<br>തങ്കമണി പി.കെ ( പ്രീ പ്രൈമറി) |

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി പൊതുവിദ്യാലയത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുന്ന സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ടാണ് .

ഓരോ ക്ലാസിലും കുട്ടി നേടേണ്ട ശേഷികളും കഴിവുകളും ധാരണകളും നേടിയെന്ന് ഉറപ്പുവരുത്തുക വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിലൂടെ കേരളത്തിലെ ഏതൊരു കുട്ടിക്കും ലോകത്ത് എവിടെയും ഉള്ള സമപ്രായക്കാരായ വിദ്യാർത്ഥികളുമായി അക്കാദമിക നിലവാരത്തിന്റെ കാര്യത്തിൽ ഒപ്പം എത്താൻ കഴിയണം. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയങ്ങൾ ഭൗതികമായും അക്കാദമികമായും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തപ്പെടേണ്ടത് എല്ലാ അർത്ഥത്തിലും മികവിന്റെ കേന്ദ്രമാക്കി വിദ്യാലയത്തെയും ഓരോ കുട്ടിയെയും മാറ്റിയെടുക്കുന്നതിന് പൊതുസമൂഹത്തിന്റെ മതിപ്പ് ഉളവാക്കുന്നതിനും ഉതകുന്ന ഒരു രൂപരേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഇത് സാധ്യമാക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസ പദ്ധതികൾ ഇതിനായി രൂപപ്പെടുത്തി എടുക്കണം. പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ എല്ലാ ക്ലാസിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

# ലക്ഷ്യങ്ങൾ

- മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണാന്തരീക്ഷത്തിൽ തികച്ചും സൗജന്യമായി വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പ് വരുത്തുക.

- അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

- എൽ. കെ. ജി. മുതൽ 4-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

- അദ്ധ്യാപനവും,അദ്ധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

# ഹ്രസ്വകാല അക്കാദമിക പ്രവർത്തനങ്ങൾ

കാലയളവ് : ജൂൺ - ഡിസംബർ

## പ്രവർത്തനങ്ങൾ

- വിദ്യാലയത്തിലെ മുഴുവൻ കുട്ടികളും എഴുതുകയും വായിക്കുകയും ചെയ്യുമെന്ന് ഉറപ്പുവരുത്തൽ. ( ഭാഷ )

- To enable children read and write the alphabet small words and simple sentences. (English)

- ഗണിതത്തിലെ അടിസ്ഥാന ശേഷികൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി മുഴുവൻ കുട്ടികൾക്കും ഗണിത ആശയങ്ങൾ ഉറപ്പിക്കൽ. ( ഗണിതം )

- ശാസ്ത്രാഭിരുചി വളർത്തുന്നതിനും ശാസ്ത്രാവബോധം ഉണ്ടാക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ. ( EVS )

# മധ്യകാല അക്കാദമിക പ്രവർത്തനങ്ങൾ

കാലയളവ് : ഏപ്രിൽ മാർച്ച്

## പ്രവർത്തനങ്ങൾ

- മാലിന്യ വിമുക്ത ക്യാമ്പസ്
- വായനാശാല സന്ദർശനം
- പൂന്തോട്ട നിർമ്മാണം
- പൊതുസ്ഥാപനങ്ങൾ സന്ദർശിക്കൽ

# അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

## ഭാഷാ ശേഷി വർദ്ധിപ്പിക്കാൻ

- ***വായന വീട്*** : വായനവീട്ടിൽ വായന സാമഗ്രികളുടെ ലഭ്യത ഉറപ്പു വരുത്തുക. (പത്രങ്ങൾ,ബാല പ്രസിദ്ധീകരണങ്ങൾ). വായനവീട് ആകർഷകമാക്കുന്നതിന് അക്ഷരങ്ങൾ,ചിഹ്നങ്ങൾ,ചിത്രങ്ങൾ എന്നിവ കൊണ്ട് അലങ്കരിക്കുന്നു. വായന പരിപോഷണ പരിപാടിയുടെ ഭാഗമായി ക്ലാസ് തലത്തിൽ വായന കൂട്ടങ്ങൾ രൂപീകരിക്കുന്നു.

- ***വായനക്കൂട്ടം:*** വായനപരിപോഷണ പരിപാടിയുടെ ഭാഗമായി ക്ലാസ് തലത്തിൽ വായനക്കൂട്ടങ്ങൾ രൂപീകരിക്കുന്നു.

- ***ക്ലാസ് ലൈബ്രറി/സ്കൂൾ ലൈബ്രറി***: ക്ലാസ് ലൈബ്രറി,സ്കൂൾ ലൈബ്രറി എന്നിവ പരമാവധി പ്രയോജനപ്പെടുത്തൽ, നിലവിൽ സ്കൂൾ ലൈബ്രറിയിലും, ക്ലാസ് ലൈബ്രറിയിലും പുസ്തകങ്ങൾ ഉണ്ട്. സമൂഹത്തിലെ വിവിധ മേഖലകളും ആയി പ്രവർത്തിക്കുന്നവരെ കണ്ടെത്തി അവരുടെ സഹായത്തോടെ കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കുക. അസംബ്ലിയിൽ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ.

- ***ആഭരണം അണിയൽ:*** ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, സന്ദർഭത്തിന് അനുയോജ്യമായ പ്രവർത്തനങ്ങൾ.

- ***അമ്മ ലൈബ്രറി:*** ക്ലാസ് തലത്തിൽ അമ്മമാർക്ക് പുസ്തകം വിതരണം ചെയ്ത് മികച്ച വായനയ്ക്കുള്ളതും മികച്ച വായന കുറുപ്പിനും പൊതുപരിപാടിയിൽ വച്ച് അവർക്ക് സമ്മാനങ്ങൾ നൽകൽ.
- ***സ്വതന്ത്രവായന:*** സ്കൂൾ ലൈബ്രറിയും,നാട്ടിലെ പൊതു ലൈബ്രറി സംവിധാനങ്ങളും പരമാവധി പ്രയോജനപ്പെടുത്തി പുസ്തക വായന നടത്തി കുറിപ്പുകൾ തയ്യാറാക്കൽ. അസംബ്ലിയിൽ അവതരിപ്പിക്കൽ.

## ഗണിത ശേഷി വർദ്ധിപ്പിക്കാൻ

- ***ഗണിതച്ചുമര്:*** ക്ലാസ് തലത്തിൽ ഗണിതച്ചുവരുകൾ തയ്യാറാക്കുക. സംഖ്യാബോധം ആവിഷ്കരിക്കാൻ സഹായകമായ ചിത്രങ്ങൾ വസ്തുക്കൾ എന്നിവ ഒരുക്കൽ.

- ***ഗണിതക്കിറ്റ്:*** ഗണിത ആശയങ്ങൾക്ക് ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു അവശ്യ സമയത്ത് പ്രയോജനപ്പെടുത്തൽ.

- ***അബാക്കസ്:*** സംഖ്യാബോധം ഉളവാക്കുന്നതിനും സ്ഥാനവില നിർണയി ക്കുന്നതിനും ചതുഷ്ക്രിയകൾ ചെയ്യുന്നതിനും അബാക്കസ് പ്രയോജന പ്പെടുത്തൽ.

- ***ഗണിത കേളികൾ:*** ഏണിയും പാമ്പും കളി, ഡൈസ് കളി, ബോൾ എറിയ ൽ എന്നീ കളികളിലൂടെ ഗണിത വസ്തുതകൾ കുട്ടികളിൽ എത്തിക്കൽ

- ***ഗണിത ശില്പശാല:*** രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ ഗണിത പ്രവർത്തനത്തെ ആവശ്യമായ പഠനോപകരണങ്ങൾ നിർമ്മിക്കൽ.

- ***ഗണിത ഫെസ്റ്റ്:*** ഗണിത വിഷയങ്ങൾ നൽകി ആവശ്യമായ സാധനസാമ ഗ്രികൾ കുട്ടികൾ തയ്യാറാക്കുന്നു.പ്രദർശനം നടത്തുന്നു പ്രോത്സാഹനം നൽകൽ.

## ശാസ്ത്ര അഭിരുചി വർദ്ധിപ്പിക്കാൻ

- ***ശാസ്ത്ര മൂല:*** ക്ലാസ് തലത്തിൽ ശാസ്ത്രപരീക്ഷണങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ സജ്ജീകരിക്കുന്നു. അതാത് ക്ലാസ് അധ്യാപകർക്ക് ചുമ തല നൽകൽ.

- ***ക്യാമ്പസ് ഒരു പാഠശാല:*** പരിസപഠന പ്രവർത്തനങ്ങൾക്ക് സ്കൂളിന്റെ ജൈവവൈവിധ്യ സംവിധാനം പ്രയോജനപ്പെടുത്തൽ

- ***ഫീൽഡ് ട്രിപ്പ് :*** ശാസ്ത്ര അവബോധ ശേഷികളായ നിരീക്ഷണം,താരതമ്യം വർഗീകരണം,അപഗ്രഥനം,നിഗമനം എന്നിവയ്ക്ക് അനുഭവേദ്യമായ അവസരങ്ങൾ നൽകാനായി പരിസര പഠനത്തിൽ സാധ്യമായ എല്ലാ സന്ദർഭങ്ങളിലും ഫീൽഡ് ട്രിപ്പ് നടത്തും.

- ***ഏകദിന ക്യാമ്പ്:*** സ്കൂളിൽ കുട്ടികൾക്കായി ഒരു ഏകദിന ക്യാമ്പ് നടത്തി പ്രമുഖരായ വ്യക്തികളെ കൊണ്ടുവന്ന് ക്ലാസ് നടത്തുന്നു.

## മലയാള മധുരം

ഒന്ന് രണ്ട് ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്തിനു ശേഷം വായന തുടർച്ച ഉറപ്പ് വരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം. കുഞ്ഞു കഥകൾ ആസ്വദിച്ചു വായിക്കാനും തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കി.

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

# മോണിട്ടറിംഗ് രീതി

- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിറ്ററിംഗ് രീതി (പി. ടി.എ., എം.പി.ടി.എ, എസ്.എസ്.ജി, എസ്. ആർ.ജി, എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കണം.
- ദൈനംദിന മോണിട്ടറിംഗ് എച്ച്.എം./എസ്.ആർ.ജി കൺവീനർ, പി.ടി.എ. പ്രസിഡൻ്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം

# ഉപസംഹാരം

ലോകമെങ്ങും അക്രമങ്ങളും അസമത്വങ്ങളും വർധിച്ചുവരുന്ന ഈ കാലത്ത് പുതിയ തലമുറയെ നീതിബോധവും നന്മയും ഉള്ള മനുഷ്യരായി വളർത്തിയെടുക്കുന്നതിനു വേണ്ടി വിദ്യാലയങ്ങൾ മാറേണ്ടതുണ്ട് എന്ന

കാഴ്ചപ്പാടിൽ സമഗ്രമായ ഒരു പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കാനാണ് ഇത് വഴി ഉദ്ദേശിക്കുന്നത്. അക്കാദമികവും സാമൂഹികവുമായ വികസനത്തോടൊപ്പം ഭൗതീകമായ സൗകര്യങ്ങളും സമ്പുഷ്ടമാക്കുന്നതിന് ഈ വികസന രേഖ സഹായകമാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട്............